ഭരണഭാഷ-മാതൃഭാഷ

ഇ1/21739/2016/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 22.04.2019

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്- സ്വകാര്യ എയ്ഡഡ് കോളേജുകൾ-അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ-നിയമനം/സ്ഥാനക്കയറ്റ് സംബന്ധിച്ച നിർദ്ദേശങ്ങൾ-സർക്കുലർ-പരിഷ്ക്കരണം-സംബന്ധിച്ച്.

സൂചന:- 1. 02.04.2019 ലെ ഡി3/463/2018/ഉ.വി.വ നമ്പർ സർക്കാർ കത്ത്.
2. KFC Vol I Art. 69(V)
3; 15.10.2016 ലെ ഈ ഓഫീസിലെ ഇതേ നമ്പർ പരിപത്രം

സൂചന മൂന്ന് ഈ ഓഫീസിലെ സർക്കുലർ പ്രകാരം സൂപ്പർ ന്യൂമററിയായി നിലനിൽക്കുന്ന ജീവനക്കാരെ യാതൊരു കാരണവശാലും സ്ഥലംമാറ്റി നിയമിക്കുകയോ ഔദ്യോഗിക ക്രമീകരണങ്ങൾ നടത്തുകയോ ചെയ്യുവാൻ പാടില്ലെന്ന് നിഷ്ക്കർഷിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം കോർപ്പറേറ്റ് മാനേജുമെന്റുകൾക്ക് ബുദ്ധിമുട്ടുണ്ടെന്ന് അറിയിച്ച സാഹചര്യത്തിൽ സൂചന (1) സർക്കാർ കത്തിലെ നിർദ്ദേശ പ്രകാരം സൂചന (2) ലെ വ്യവസ്ഥകൾക്കനുസൃതമായി സൂചന (3) പരിപത്രത്തിലെ ഖണ്ഡിക '8' ലെ വ്യവസ്ഥ താഴെ പറയുന്ന പ്രകാരം പരിഷ്കരിച്ചിരിക്കുന്നു.

ഒരേ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കോളേജുകളിൽ സൂപ്പർ ന്യൂമററി തസ്തികയിൽ പ്രവൃത്തിയെടുക്കുന്ന ജീവനക്കാരെ ടി മാനേജ്മെന്റിന് കീഴിൽ വരുന്ന സൂപ്പർ ന്യൂമററിയല്ലാത്ത ഒഴിവിലേക്ക് (clear vacancy) KFC Vol I Art.69 (V) ലെ വ്യവസ്കൾക്കനുസൃതമായി മാറ്റി നിയമിക്കാവുന്നതാണ്.

സൂചന (3) സർക്കുലറിലെ മറ്റ് വ്യവസ്ഥകൾ സംബന്ധിച്ച് നിലവിലെ സ്ഥിതി തുടരുന്നതാണ്.

ഡോ.ഡി.കെ.സതീഷ്
ഡെപ്യൂട്ടി ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

ആർ.ബി.24.04.2019

6141727
GOVERNMENT OF KERALA 2017-18